# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1349 | 06.02.2020-ലെ മറുപടിയ്ക്ക് |
|---|---|

## ഒറ്റപ്പാലം ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ചിട്ടുള്ളതും സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനസമിതിയെ നിയോഗിച്ചു കൊണ്ട് 4(1) വിജ്ഞാപനം 03.12.2019 ന് കേരള അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും സാമൂഹ്യപ്രത്യാഘാത പഠനസമിതി പഠനം നടത്തിവരുന്നതുമാണ്. സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി കണ്ടിൻജൻസി ഫണ്ട് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ബൈപ്പാസിനായി എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 3.25 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി | ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിൽ സാമൂഹ്യപ്രത്യാഘാത പഠനം നടന്നുവരുന്നതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധസമിതിയുടെ ശുപാർശ ജില്ലാ കളക്ടർ വിലയിരുത്തി ശുപാർശ സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ച് എൽ.എ.ആർ.ആർ ആക്ട് 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ